## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥിക്ക് നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരം ജില്ലാ ഓഫീസറുടെ 04/08/2025-ലെ DTB (1) 166019/2019 നം. നിയമന ശിപാർശ കത്ത്.

### ഉത്തരവ് നം : ഇ.ഡി. 4 -17149/2023/ആ.വ.ഡ., തീയതി : 22-08-2025

1958 -ലെ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 9 (എ) ( i ) ചട്ട പ്രകാരം 27900-63700/-രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I I തസ്തികയിലേയ്ക്ക് തിരുവനന്തപുരം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസർ മേൽ പരാമർശ പ്രകാരം നിയമന ശുപാർശ ചെയ്തിട്ടുള്ള താഴെപ്പറയുന്ന ഉദ്യോഗാർത്ഥിയെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും മേൽ വിലാസവും | പിതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | ജനന തീയതി | യോഗ്യത | നിയമന നിർദ്ദേശത്തിന്റെ ഊഴം |
|---|---|---|---|---|---|
| 1 | Vidhya Devi.V.S<br>**Kizhakkepulimoodu Puthen Veedu, Edacode, Thiruvananthapuram Nemom. P.O. 695020**<br><br>**Communication Address Vaishnavam 02/510/A Kollamvilakam Edacode Nemom.P.O. 695020** | **Velappan** | **05-05-1981** | **Pre Degree (Commerce)**<br>KGTE Typewriting English (Lower)<br>KGTE Typewriting Malayalam (Lower)<br>KGTE(Short Hand(Lower)<br>KGTE Computer Word Processing (Higher)<br>KGTE Short Hand Malayalam (Lower) | **BC Turn** |

1958 -ലെ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 10(b) ചട്ട പ്രകാരം, പിന്നീടുള്ള പരിശോധനയിൽ ഈ ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വ ചരിത്രവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ മുൻകൂട്ടി അറിയിപ്പ് കൂടാതെ പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതാണ്.

നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഉദ്യോഗാർത്ഥി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ ഹാജരാകാത്ത പക്ഷം അവരുടെ നിയമനം റദ്ദ് ചെയ്യുന്നതാണ്. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് താഴെ പറയുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. ജനന തീയതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

2. സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

3. സ്വഭാവ സാക്ഷ്യ പത്രം

4. ആധാർ കാർഡ്

വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്. ഏതെങ്കിലും രേഖകളിൽ പൊരുത്തക്കേട് കാണുന്ന പക്ഷം ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല. 31/12/1991-ലെ ജി.ഒ (പി) നം. 45/91/പി&എ.ആർ.ഡി. ഉത്തരവ് പ്രകാരം ജനന തീയതിയിൽ ഏതെങ്കിലും തിരുത്തൽ ഉണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ടി ജീവനക്കാരിയുടെ തുടർച്ചയായ 3 വർഷ സേവനത്തിൽ 2 വർഷം നിരീക്ഷണ കാലയളവാണ്.

ഉദ്യോഗാർത്ഥി മേൽ പറഞ്ഞിട്ടുള്ള സാക്ഷ്യ പത്രങ്ങളുടെ അസ്സൽ പകർപ്പ് സഹിതം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്കു മുമ്പാകെ ഹാജരാകേണ്ടതാണ്.

Signed by
Reena K J
Date: 22-08-2025 07:58:52

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: ശ്രീമതി. വിദ്യാ ദേവി. വി.എസ്, വൈഷ്ണവം 02/510/A, കൊല്ലംവിളാകം, ഇടക്കോട്, നേമം. പി.ഒ. പിൻ-695020

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം
3. ഫയൽ/കരുതൽ ഫയൽ